**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2786** **13-12-2022 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന മണ്ണ്-ജല-സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിച്ചുവരുന്നു. നടപ്പ് വർഷം 53.59 ലക്ഷം ച.മീ കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്. കയർ ബെയർ ഷീറ്റുകൾ ഉപയോഗിച്ച് മെത്ത നിർമ്മിക്കുന്നതിനുള്ള കയർ മാട്രസ് സ്റ്റിച്ചിംഗ് & ഫിനിഷിംഗ് യൂണിറ്റ് കയർ പൊതുമേഖലാ സ്ഥാപനമായ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് ആവിഷ്കരിച്ചിട്ടുള്ള ഒരു നൂതന പദ്ധതിയാണ്.<br><br>കയർ മേഖലയുടെ യന്ത്രവൽക്കരണം ലക്ഷ്യമിട്ട് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് യൂണിറ്റുകൾ, ഓട്ടോമാറ്റിക് ലൂമുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി രാജ്യത്തെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് പഠനം നടത്തി വരികയുമാണ്. |
| (ബി) | കുറഞ്ഞ വിലക്ക് തമിഴ്നാട്ടിൽ നിന്ന് ചകിരി എത്തുന്നതും കയറുൽപ്പന്നങ്ങൾ വിറ്റഴിയാതെ കെട്ടിക്കിടക്കുന്നതും കയർ വ്യവസായ മേഖലയിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട് എന്നത് വസ്തുതയാണോ; ഈ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ; | (ബി) | കുറഞ്ഞ വിലക്ക് തമിഴ്നാട്ടിൽ നിന്ന് ചകിരി എത്തുന്ന സാഹചര്യവും സ്റ്റോക്കിലുള്ള കയറുൽപ്പന്നങ്ങളുടെ വിൽപ്പന പൂർണ്ണമായും നടക്കാത്ത സാഹചര്യവും നിലവിലുണ്ട്.<br><br>ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 8000 മുതൽ 100000 വരെ തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന 130 ഡീഫൈബറിംഗ് മില്ലുകൾ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്. കയർഫെഡ് ഇ ടെണ്ടർ മുഖേന |

| | | | |
|---|---|---|---|
| | | | പ്രൈസ് ഡിസ്കവറി സിസ്റ്റം വഴി ചകിരി സംഭരിച്ച് സംഘങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. ഇപ്രകാരം പ്രൈസ് ഡിസ്കവറി നടത്തുന്ന വിലയ്ക്കോ അതിൽ കുറഞ്ഞ വിലയ്ക്കോ സംഘങ്ങൾക്ക് ചകിരി നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ചകിരി കിലോഗ്രാമിന് 22/- രൂപ ഉണ്ടായിരുന്നത് മാർക്കറ്റ് വില അടിസ്ഥാനപ്പെടുത്തി 16.50/- രൂപയ്ക്ക് സംഘങ്ങൾക്ക് നൽകി വരുന്നു.<br><br>പി വി സി ഉല്പന്നങ്ങൾ മറ്റ് പ്ലാസ്റ്റിക് സിന്തറ്റിക്സ്, പോളിപ്രൊപ്പലിൻ തുടങ്ങിയ ഉല്പന്നങ്ങൾ വിപണി കൈയ്യടക്കുന്നത് മൂലമാണ് പരമ്പരാഗത കയർ വ്യവസായത്തിലെ കൈത്തറി ഉല്പന്നങ്ങളായ ഫൈബർ മാറ്റ്, ബി സി 1, ബി സി 20 എന്നീ ഉല്പന്നങ്ങൾക്ക് വിദേശ-ആഭ്യന്തര വിപണിയിൽ കടുത്ത ഓർഡർ ക്ഷാമം ഉണ്ടാകാൻ കാരണമായിട്ടുള്ളത്. എന്നിരുന്നാലും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി ഒട്ടനവധി മേളകളിൽ സാന്നിദ്ധ്യം ഉറപ്പ് വരുത്തുകയും ഇന്ത്യയിലെ വൻകിട റീട്ടയിൽ ശൃംഖലകളായ റിലയൻസ്, ഡീ-മാർട്ട്, വിശാൽ മെഗാ മാർട്ട് എന്നിവരുമായി വാണിജ്യ കരാറിൽ ഏർപ്പെട്ട് വിവിധയിനം കയറുല്പന്നങ്ങൾ കയർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖേന വിറ്റഴിച്ചു വരികയും ചെയ്യുന്നു. റയിൽവേ, കാർഷിക, ഗതാഗത മേഖലകളിലടക്കം കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. കയർ ഭൂവസ്ത്രമുൾപ്പെടെ ഉല്പന്നങ്ങൾ പരമാവധി സംഘങ്ങളിൽ നിന്ന് സ്റ്റോക്കായി സംഭരിച്ചും ഓർഡറുകൾ ലഭ്യമാക്കാൻ പരമാവധി പരിശ്രമിച്ചും കയറുല്പന്ന മേഖലയെ സജീവമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കയർ വ്യവസായത്തിനാവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 8000 മുതൽ 100000 വരെ തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന 130 ഡീഫൈബറിംഗ് മില്ലുകൾ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്. കയർഫെഡ് ഇ ടെണ്ടർ മുഖേന പ്രൈസ് ഡിസ്കവറി സിസ്റ്റം വഴി ചകിരി സംഭരിച്ച് സംഘങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരം പ്രൈസ് ഡിസ്കവറി നടത്തുന്ന വിലയ്ക്കോ അതിൽ കുറഞ്ഞ വിലയ്ക്കോ സംഘങ്ങൾക്ക് ചകിരി നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | കയറ്റുമതി ലക്ഷ്യമിട്ടുള്ള ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, തൊഴിലാളികൾ | (ഡി) | കയർ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ |

| | | | |
|---|---|---|---|
| | അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, കയർ ഉൽപാദനത്തിലെ യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | നിർദ്ദേശിക്കുന്നതിനുമായി ഒരു വിദഗ്ധ സമിതിയ്ക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. കയറ്റുമതി ലക്ഷ്യമിട്ടുള്ള ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, കയർ ഉൽപാദനത്തിലെ യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയവ പ്രസ്തുത സമിതിയുടെ പരിഗണനാ വിഷയങ്ങളാണ്. |

സെക്ഷൻ ഓഫീസർ